# വൂലേ ഷോയിങ്ക

**ജന്മഭൂമിയുടെ രൂക്ഷഗന്ധമുള്ളതും തീക്ഷ്ണ ജീവിതഗന്ധിയുമായ ഷോയിങ്കാ നാടകങ്ങളുടെ ചിരന്തനമൂല്യങ്ങൾ പുനർമൂല്യനിർണയം ചെയ്യേണ്ട സമയമായിരിക്കുന്നു.**

**ഡോ. എൻ. പ്രശാന്ത് കുമാർ**

ആഫ്രിക്കൻ ഷേക്സ്പിയറെന്നറിയപ്പെടുന്ന വൂലെ ഷോയിങ്ക മൂന്നാം ലോകത്തെ ഏറ്റവും മഹാനായ നാടകകൃത്താണ്. കവിയും നോവലിസ്റ്റും കൂടിയായ അദ്ദേഹം അബ്യോകൂടായിൽ 1934-ലാണ് ജനിച്ചത്. ഷോയിങ്കയുടെ ആദ്യകാല നാടകങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ റോയൽകോർട്ട് തീയറ്ററിൽ അരങ്ങേറിയിരുന്നു. 1960-ൽ അദ്ദേഹം ഇബാഡനിലേക്ക് മടങ്ങിവരികയും സ്വദേശനാടകരൂപങ്ങളെക്കുറിച്ച് പഠനമാരംഭിക്കുകയും ചെയ്തു.

ഈയവസരത്തിൽ യോരുബാ അനുഷ്ഠാനങ്ങളിലെ നാടകഘടകങ്ങളെക്കുറിച്ച് ഗവേഷണം നടത്താൻ അദ്ദേഹത്തിന് റോക്ഫെല്ലർ ഫെല്ലോഷിപ്പ് ലഭിച്ചു. 1967-ലെ ആഭ്യന്തര കലഹത്തെ തുടർന്ന് പട്ടാളഭരണകൂടം ഷോയിങ്കയെ അറസ്റ്റു ചെയ്ത് ജയിലിലടച്ചു. 1969-ൽ ജയിൽ മോചിതനായ ഷോയിങ്ക ലണ്ടനിലെ സ്കൂൾ ഒഫ് ഡ്രാമയിൽ നാടകകലയിലെ പ്രഫസറായി സേവനമനുഷ്ഠിച്ചുവരുന്നു. 1986-ലെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ഷോയിങ്കയ്ക്ക് ലഭിച്ചു.

ഷോയിങ്കയുടെ നാടക ജീവിതത്തിൽ വിൽസൻ നൈറ്റിൻെറ പ്രഭാവം ശക്തവും സുതാര്യവുമാണ്. അദ്ദേഹത്തിൻെറ നാടകങ്ങൾ ധാർമ്മിക, ആത്മീയ, ആധിഭൗതികതലങ്ങളിൽ പ്രവർത്തിക്കുന്ന ആത്യന്തികസത്യത്തിൻെറ ആവിഷ്കൃത രൂപങ്ങളാണ്. ആത്മീയ ഭൗതികലോകങ്ങൾക്കിടയിൽ ഒരു നൈരന്തര്യം നിലനിൽക്കുന്നുവെന്നും അത് ദുരന്തനാടകങ്ങളിലും വീരകർമ്മങ്ങളിലും കാവ്യപ്രകടനത്തിനുപയുക്തമാണെന്നും ഷോയിങ്ക വിശ്വസിക്കുന്നു. കലാകാരൻ വീരനായകനെപ്പോലെ ഒരു കർമ്മയോഗിയാണെന്നും അദ്ദേഹത്തിൻെറ അന്തർഭാവം സൃഷ്ടിസംഹാരസമ്മേളിതമാണെന്നും തിന്മയ്ക്കെതിരായ പോരാട്ടം ധാർമ്മികാവശ്യത്തേക്കാളുപരി ഒരാത്മാന്വേഷണമാണെന്നും ഷോയിങ്ക ചിന്തിച്ചുവന്നു.

യോരുബാ പുരാണങ്ങളും ജനകീയവിദ്യയും വിശ്ലേഷണംചെയ്ത് അവയെ തൻെറ സങ്കല്പത്തിൻെറ ചട്ടക്കൂട്ടിലേക്ക് സാത്മീകരിക്കുന്നതിനാവശ്യമായ നാടകോപാധികൾ നൈറ്റിൻെറ സൗഹൃദത്തിലൂടെ ഷോയിങ്കയ്ക്കു ലഭിച്ചു. തലമുറകൾ തമ്മിലുള്ള സംഘർഷവും ആധുനിക സംസ്കാരത്തിൻെറ അധിനിവേശത്തിൽ ആഫ്രിക്കൻ വ്യക്തിത്വം നേരിടുന്ന ഭീഷണിയുമാണ് അദ്ദേഹത്തിൻെറ രചനകളിൽ പൊതുവേ പ്രതിഫലിക്കുന്നത്.

ഷോയിങ്കയെ പെട്ടെന്ന് പ്രശസ്തി നേടിക്കൊടുത്ത *ദ് ലയൺ ആൻഡ് ദ് ജ്യൂവൽ* എന്ന നാടകം മൂന്നാം ലോക നാടകസാഹിത്യത്തിലെ ഒരു നാഴികക്കല്ലാണ്. ലിംഗഭേദം പ്രമേയമായിട്ടുള്ള ഈ കോമഡിയിൽ കൗശലം, ഊർജം, ആജ്ഞാശക്തി, അധികാരം എന്നിവ ജീവിതപ്രമാണങ്ങളായി വാഴ്ത്തപ്പെടുന്നു. ഈ ജീവിതമൂല്യങ്ങൾ പ്രായം, പാരമ്പര്യം, ഗ്രാമീണജ്ഞാനം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നതോടൊപ്പം ക്രിസ്തുമതത്തിൻെറ സംഭാവനകളായ ഉപരിപ്ലവവിജ്ഞാനത്തിനും പരിഷ്ക്കാരത്തിനും ഒരു വ്യതിരേക (contast) മായി നിലകൊള്ളുകയും ചെയ്യുന്നു. പാശ്ചാത്യ പരിഷ്ക്കാരം അനുകരിക്കുന്ന സ്കൂളധ്യാപകനായ ലക്കുൺലെ (Lakunle) അവസാനമൊരു വിഡ്ഢിയായി മാറുന്നു. പാശ്ചാത്യവൽക്കരിക്കപ്പെട്ട സാക്ഷരസമൂഹത്തിൻെറ പ്രതിനിധിയായ ഈ ഹാസ്യകഥാപാത്രം പരിഷ്കാരത്തെ പുരോഗമനമായി തെറ്റിദ്ധരിക്കുന്നു. താൻ സ്നേഹിക്കുന്ന സിഡി (sidi) യെന്ന യുവതിയെ നാട്ടാചാരപ്രകാരം വിവാഹം കഴിക്കുന്നതിന് സ്ത്രീധനം നൽകുവാൻ വിസമ്മതിക്കുന്ന ലക്കുൺലേ അവളെ പരിഷ്കൃതയായ ഒരു അഭിനവവധുവായി മാറ്റാമെന്ന് സ്വപ്നം കാണുന്നു. അറുപതുകളിലെത്തിയ ബഹുഭാര്യനായ മുഖ്യൻ ബറോക്ക (Baroka) ലക്കൂൺലെയുടെ വ്യതിരേകമായി നിലകൊള്ളുന്നു. ബറോക്ക കൗശലത്താൽ അനായാസമായി സിഡിയെ ചാരിത്രഭ്രംശം വരുത്തുന്നു. അയാളുടെ പൗരുഷത്തിൽ മതിപ്പ് തോന്നിയ സിഡി അയാളുടെ ഏറ്റവും പുതിയ ഭാര്യയായി മാറുകയും ചെയ്യുന്നു. അങ്ങനെ സ്ത്രീരത്നമായ സിഡിയെ കൗശലം, പൗരുഷം, ആജ്ഞാശ്ക്തി, അധികാരം ഇവയുടെ സമന്വയമായ ബറോക്കയെന്ന സിംഹമാണ് നേടിയെടുക്കുന്നത്. പുരോഗതിയും പാരമ്പര്യവും തമ്മിലുള്ള ലഘുവൈരുധ്യത്തേക്കാളുപരിയായ കീഴടക്കുന്നതിനുള്ള മനുഷ്യവർഗത്തിൻെറ ദൃഢനിശ്ചയമാണ് ഈ നാടകത്തിൻെറ ഗഹനമായ പ്രമേയം. നൈജീരിയൻ ദേശീയ സാഹിത്യത്തിൻെറ ആദ്യമാതൃകയാണീ നാടകം.

ഷോയിങ്കയുടെ ഏറ്റവും അനുഷ്ഠാനപരവും അതിഭൗമികവുമായ നാടകമാണ് 'ദി റോഡ്'. അദ്ദേഹത്തിൻെറ നാടകവീക്ഷണത്തെക്കുറിച്ചും നാടകപ്രമേയസ്രോതസ്സുകളെക്കുറിച്ചുമുള്ള പരിജ്ഞാനം ഈ നാടകത്തിൻെറ അർഥതലങ്ങൾ മനസ്സിലാക്കുന്നതിനും നാടകവീക്ഷണം ഒരനുഭവമാക്കി മാറ്റുന്നതിനും ആവശ്യമാണ്. ഷോയിങ്കയുടെ വീക്ഷണത്തിൽ നാടകം വിനോദത്തേക്കാളുപരി ഒരനുഷ്ഠാനമാണ്; പ്രേക്ഷകരും അഭിനേതാക്കളും ഒരുപോലെ ഭാഗഭാക്കുകളാകുന്ന ഒരു ബലിയാണത്. പരിസ്ഥിതിയുമായി താദാത്മ്യം പ്രാപിക്കുന്നതിനുള്ള മനുഷ്യോദ്യമത്തെ വെല്ലുവിളിക്കുന്ന ബാഹ്യശക്തികളുമായുള്ള സംഘർഷത്തിൻെറ പ്രക്ഷേപണമാണ് നാടകം. ഷോയിങ്കയുടെ ദർശനത്തിൽ മനുഷ്യചിന്തയ്ക്കതീതമായ പ്രപഞ്ചയാഥാർഥ്യത്തിൻെറ അന്വേഷകരാണ് ദേവന്മാർ. ചോരുബാലോകത്തിൻെറ രക്ഷാദേ

വതയായ ഓഗൻ സൃഷ്ടിസംഹാരശക്തികളുടെ സമന്വയവുമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള കണ്ണികളെ അടുപ്പിക്കുന്ന 'ഓഗൻ മിത്ത്' വെളിപ്പെടുത്തുന്നത് സൃഷ്ടിയുടെ ഭാഗമാണ് സംഹാരമെന്നാണ്. ഓഗനെക്കുറിച്ചുള്ള ഷോയിങ്കയുടെ വീക്ഷണം സർഗാത്മകതയോടും നവവിധാനത്തോടുമുള്ള ചോരുമ്പാസമീപനത്തിലേക്ക് വെളിച്ചം വീശുന്നതും, നാടകകൃത്തിൻെറ സത്യാന്വേഷണത്തെ അർഥപൂർണമാക്കുന്നതുമാണ്. ഓഗൻെറ ദ്വന്ദ്വസ്വഭാവത്തെ അടിസ്ഥാനമാക്കി ഒരു നാടകസിദ്ധാന്തം തന്നെ ഷോയിങ്ക സ്ഥാപിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ദുരന്തദർശനം പ്രതി



ഫലിപ്പിക്കുന്ന 'ദി റോഡ്' എന്ന നാടകം ഓഗൻ ആഘോഷങ്ങളുടെ ആത്മനിഷ്ഠാ വിശകലനമാണെന്നു പറയാം. ഷോയിങ്കാനാടകങ്ങളെ 'അബിക്കു' (Abiku) വിനെക്കുറിച്ചുള്ള സങ്കല്പം സ്വാധീനിച്ചിട്ടുണ്ട്. ജനിമൃതികളിലൂടെ ഒരേ മാതാവിനെ വേട്ടയാടുന്ന നാടോടി ശിശുവാണ് അബിക്കു. ഷോയിങ്കയുടെ മിക്ക നാടകങ്ങളിലും ഒരു 'അബിക്കു' കഥാപാത്രമുണ്ടായിരിക്കും.

യൂറോപ്യൻ സംഭാഷണ നാടക പാരമ്പര്യവും ആഫ്രിക്കൻ നാടകാവതരണശൈലിയും നാടകഘടനയിലൂടെ വിദഗ്ദ്ധമായി സമന്വയിപ്പിച്ചിട്ടുള്ള ഈ നാടകം ഓഗൻ ഉത്സവങ്ങളുടെയും എഗൻഗൻ (Egungm) മുഖംമൂടി നൃത്തത്തിൻെറയും ഒരു ശ്ലഥസങ്കരമാണ്. സമകാലീനജീവിതമാകുന്ന അസംസ്കൃതസാമഗ്രിദേശീയതയുടെ മുഖ്യ മാധ്യമമായ നാടകമാക്കി രൂപാന്തരപ്പെടുത്തുകയാണ് ഷോയിങ്കയുടെ രചനാരീതി. അദ്ദേഹം മനുഷ്യരാശിയുടെ ബാഹുല്യവൈവിദ്ധ്യങ്ങളിൽ ആനന്ദംകൊള്ളുകയും താൻ അഭിമുഖീകരിച്ചിട്ടുള്ള മനുഷ്യരെ കഥാപാത്രങ്ങളാക്കി അനശ്വരരാക്കുകയും ചെയ്യുന്നു. ഓഗൻ ഉത്സവത്തിൻെറ പശ്ചാത്തലത്തിൽ യൂറോപ്യൻ സംഭാഷണനാടകം ക്ലാസ്സിക്കൽ യവനദുരന്തനാടകം, അരിസ്റ്റോഫനിയൻ കോമഡി, സ്വിഫ്റ്റിയൻ ആക്ഷേപഹാസ്യം, പ്രതീകവാദം, അയുക്തികഭ്രമം, ക്രൈസ്തവദിവ്യബലിയുടെ ഘടന മുതലായവ ഈ നാടകത്തിൽ സമ്മേളിക്കുന്നു. ഈ നാടകത്തിൻെറ യഥാതഥശീർഷകം ആരെയും തെറ്റിദ്ധരിപ്പിക്കുന്നതാണ്. മരണമെന്ന യാഥാർഥ്യത്തിൽ കേന്ദ്രീ

*സമകാലീനജീവിതമാകുന്ന അസംസ്കൃത സാമഗ്രി ദേശീയതയുടെ മുഖ്യ മാധ്യമമായ നാടകമാക്കി രൂപാന്തരപ്പെടുത്തുകയാണ് ഷോയിങ്കയുടെ രചനാരീതി.*

കൃതമായ ഈ നാടകത്തിലെ മുഖ്യപാത്രത്തിൻെറ നിരാശ ചോരുമ്പാലോകവീക്ഷണത്തിനന്യമായ ഒരു നിരുപാധിക നിശ്ചതത്വത്തിനായുള്ള അന്വേഷണത്തിൽ നിന്നുത്ഭവിച്ചതാണ്.

ഈ നാടകത്തിൻെറ ആഖ്യാനകൗതുകം അധിഷ്ഠിതമായിരിക്കുന്നത് മുറാനോ (Murano) എന്ന അബിക്കു കഥാപാത്രത്തിലൂടെ സ്ഥാപിതമാകുന്ന പ്രഫസറുടെയും കൊട്ടേനു (Kotonu)വിൻെറയും ജീവിതസംഗമത്തിലാണ്. നാടകത്തിലെ മുഖ്യപാത്രം പ്രഫസറെന്ന ലേബൽ നാമത്താൽ അറിയപ്പെടുന്നു. പള്ളിയിലെ വേദപുസ്തകവായനക്കാരനായിരുന്ന അയാൾ ധനം എപ്പോഴും ദുരുപയോഗം ചെയ്തശേഷം സഭ വിടുന്നു. നാടകാരംഭത്തിൽ കള്ളയൊപ്പിട്ട ഡ്രൈവിംഗ് ലൈസൻസുകൾ നൽകിയും, റോഡുകളിലെ സൈൻ ബോർഡുകൾ മറിച്ചിട്ട് താനുണ്ടാക്കുന്ന റോഡപകടങ്ങളിൽപ്പെടുന്ന വാഹനങ്ങളിൽനിന്ന് മോഷ്ടിക്കുന്ന സ്പെയർപാർട്ടുകൾ വിറ്റുമാണ് ഉപജീവനം നടത്തുന്നത്. പള്ളിയും പ്രഫസറുടെ ആക്സിഡൻറ് സ്റ്റോറുമാണ് നാടകത്തിൻെറ രംഗപശ്ചാത്തലം. സമർഥനെങ്കിലും അസാധാരണക്കാരനായ ഡ്രൈവറാണ് കൊട്ടോനു. ഒരു ദ്രവിച്ചപാലത്തിലെ അപകടത്തെത്തുടർന്ന് അയാൾ ഡ്രൈവറുടെ ജോലി ഉപേക്ഷിക്കുന്നു. ആക്സിഡൻറ് സ്റ്റോറിലെ സെയിൽസുമാനായിരുന്ന സർജൻറ് ബർമ്മയുടെ മരണത്തെത്തുടർന്ന് കൊട്ടോനു പുതിയ സെയിൽസ്മാനായിത്തീരുന്നു. കൊട്ടോനുവിൻെറ നാടകീയപ്രസക്തിയുള്ള പൂർവകാലാനുഭവങ്ങൾ ഗതകാലദൃശ്യങ്ങളായി നാടകത്തിലവതരിപ്പിക്കുന്നു. കൊട്ടോനുവിൻെറ ട്രക്ക് ഒരു എഗൻഗൻ നർത്തകനെ ഇടിച്ചു വീഴ്ത്തി. ജനത്തെ ഭയന്ന് അയാൾ പരിക്കേറ്റ നർത്തകനെ ട്രക്കിൽ ഒളിപ്പിച്ചുവച്ചശേഷം മൂഖംമൂടി ധരിച്ച് നൃത്തമാടി. പരിക്കേറ്റ നർത്തകനെ പ്രഫസർ ശുശ്രൂഷിച്ച്, ആരോഗ്യവാനാക്കുന്നു. പ്രഫസറുടെ വാല്യക്കാരനായി മാറിയ ഈ നർത്തകൻ മുറാനോയാണെന്ന് അവസാനം തെളിയുന്നു. അപകടത്തെത്തുടർന്ന് മുറാനോയുടെ സംസാരശേഷി നഷ്ടമാവുന്നു. ദൈവത്തെ രൂപാരോപണം ചെയ്തപ്പോൾ അപകടത്തിൽപ്പെട്ടതിനാൽ, വെളിപ്പെടുത്തുവാൻ പാടില്ലാത്ത രഹസ്യങ്ങൾ ആവേശിച്ചിരിക്കുന്നതുകൊണ്ടാണ് മുറാനോ മൂകനായതെന്നാണ് പൊതുവായ വിശ്വാസം മരണത്തെ മുഖാമുഖം കണ്ടിട്ടുള്ള മുറാനോയെ പ്രഫസർ മരണത്തിൻെറ അർഥമന്വേഷിക്കുന്നതിനുപയോഗിക്കുന്നു. പനചെത്തുകാരനായ മുറാനോ പ്രഭാതത്തിൽ പുറപ്പെട്ട് സന്ധ്യയ്ക്ക് പനങ്കള്ളുമായി തിരിച്ചെത്തുന്നു. പ്രഫസറുടെ സായാഹ്നകൂട്ടായ്മകളിൽ ഈ പനങ്കള്ള് വിളമ്പുന്നു. സംശയകരമായ ഗതകാലവും മൂകതയും പകൽസമയത്തെ അസാന്നിധ്യവും മുറിനോയുടെ ജീവിതം നിഗൂഢമാക്കുന്നു. ട്രക്കിലെ ആൾപിടുത്തക്കാരനായ സാംസൺ തൻെറ പരിഹാസാനുകരണത്തിലൂടെയും ഏകാഭിനയത്തിലൂടെയും പ്രഫസറുടെ ഗതകാലം വ്യക്തമാക്കുന്നു. സാംസൻെറ ഈ നാടകീയക്രിയകൾ ഗതകാലസംഭവങ്ങളുള്ള അരങ്ങത്തവതരിപ്പിക്കുന്നതിനുള്ള ഒരു മാർഗമാണ്.

കള്ളലൈസൻസുകളുണ്ടാക്കുന്നതിലുള്ള പ്രഫസറുടെ വൈദഗ്ദ്ധ്യമറിയാവുന്ന സലൂബി (Sa-